വിൽവട്ടം പഞ്ചായത്തിലെ കെട്ടിടത്തിന് നമ്പർ അനുവദിക്കാതിരുന്ന നടപടി

49 [5890] ശ്രീ. കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനിൽ ചേർക്കപ്പെട്ട വിൽവട്ടം പഞ്ചായത്തിലെ സർവ്വേ നമ്പർ 324/4-ൽ ഒരു മൂന്ന് നില കെട്ടിടം പണിയുവാൻ ആരെങ്കിലും അനുമതി ചോദിച്ചിരുന്നുവോ; അതിന് അന്നത്തെ പഞ്ചായത്ത് അധികൃതർ അനുവാദം കൊടുത്തുവോ;

(ബി) കെട്ടിടം പണിതുവെങ്കിൽ എത്ര നിലയ്ക്ക് നമ്പരിട്ട് കൊടുത്തുവെന്ന് വ്യക്തമാക്കാമോ;

(സി) ബാക്കി നിലയ്ക്ക് നമ്പരിട്ടു കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിലെ സ്ഥലം റവന്യൂ പുറംപോക്കാണെന്ന് താലൂക്ക് സർവ്വെയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നെന്ന് വ്യക്തമാക്കുമോ;

(ഇ) ആവശ്യമായ നടപടികൾ പൂർത്തീകരിച്ചിട്ടും കെട്ടിടത്തിന് നമ്പർ അനുവദിക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. കെ. ആർ. ഷൺമുഖൻ മുതൽ നാലു പേർ അനുമതി ചോദിച്ചിരുന്നു. പഞ്ചായത്ത് അധികൃതർ അനുവാദം കൊടുത്തിരുന്നു.

(ബി) രണ്ടു നിലയ്ക്ക് നമ്പരിട്ടു കൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ പിൻഭാഗത്ത് തുറസ്സായ സ്ഥലത്ത് പുറംപോക്ക് കയ്യേറ്റമുള്ളതായി കണ്ടതുകൊണ്ടാണ് ബാക്കി നിലയ്ക്ക് നമ്പരിട്ടു കൊടുക്കാത്തത്.

(ഡി, ഇ) താലൂക്ക് സർവ്വേയറോട് പുറംപോക്ക് അളന്ന് മാർക്ക് ചെയ്ത് സ്കെച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. താലൂക്ക് സർവ്വേയറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ ഇത് സംബന്ധിച്ച അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

നഗര വികസനത്തിന്റെ ഭാഗമായി അനാവശ്യമായ ഫ്രീസിംഗ് ഒഴിവാക്കാൻ നടപടി

50 [5891] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, ടി. പി. എം. സാഹിർ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കെ. ബാവ:
,, കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly